**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5649** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് കണ്ടെത്തലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ 04/2020 മുതൽ 03/2023 വരെയുള്ള കാലയളവിലെ പൊതുവിതരണ ഉപഭോക്തൃകാര്യ വകപ്പിലെ ഓഡിറ്റിൽ വിവിധ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൽ ചുവടെ ചേർക്കുന്ന വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്.<br><br>1. ഇ - ടെണ്ടർ വഴി ഇലക്ട്രോണിക് വെയിങ് മെഷിനുകൾ വാങ്ങുന്നതിൽ ഉണ്ടായ വീഴ്ച (Procedural Lapse) - ഭരണാനുമതി ലഭിക്കാതെ ടെണ്ടർ നടപടികൾ തുടങ്ങി.<br><br>2. വിശപ്പരഹിത കേരളം പദ്ധതിക്കായി അനുവദിച്ച ഫണ്ടിനേക്കാൾ കറവ് തുക വിനിയോഗിച്ചത്. |
| (ബി) | മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | 1. ഭരണാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ടെണ്ടർ നടപടികൾ ആരംഭിച്ചതായുള്ള എ.ജി ആഡിറ്റ് ക്വറിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ടെണ്ടർ ക്യാൻസൽ ചെയ്യുകയും 6.3.2025 ന് പുതിയ ടെണ്ടർ വിളിക്കുകയും ചെയ്തു.<br><br>2. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും ഉചിതമായ സ്ഥലമോ കെട്ടിടമോ ലഭ്യമാകാതിരുന്നതും പദ്ധതി നടപ്പിലാക്കാനുള്ള ഏജൻസികൾ ലഭ്യമാകാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ വകപ്പിന് ടി പദ്ധതിക്കായി അനുവദിച്ച മുഴുവൻ തുകയും വിനിയോഗിക്കാനായില്ല.<br><br>ടി വിഷയങ്ങളുമായി ബന്ധപ്പെട്ട് വകപ്പിലെ ജീവനക്കാർക്കെതിരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ